ചെലവായിട്ടുണ്ട്.

(സി) നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്.

(ഡി) നിലവിൽ ഒരു ഏജൻസിയും അന്വേഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

140(1143) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പുകളുടെ ഏകീകരണംമൂലം നിലവിൽ വിവിധ വകുപ്പുകളിലൂടെയുള്ള വികേന്ദ്രീകൃത ഭരണ നിർവ്വഹണം കേന്ദ്രീകൃതമാക്കപ്പെടുമോ;

(സി) വകുപ്പുതല ഏകീകരണത്തിനു കമ്മീഷനെ നിയമിക്കുമോയെന്നും വകുപ്പുതല ഏകീകരണം എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) വകുപ്പുതല ഏകീകരണം സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുമായോ സർവ്വീസ് സംഘടനകളുമായോ ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വകുപ്പുതല ഏകീകരണത്തിലൂടെ നിലവിലുള്ള ഭരണ ചെലവിൽ കുറവ് ഉണ്ടാകുമോ; ഇല്ലെങ്കിൽ വർദ്ധന ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനു സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ; ആയതിന് 2012-ലെ പഞ്ചായത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരണ റിപ്പോർട്ട് പരിഗണിക്കുമോ; വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്ത് വകുപ്പിലെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കുമോ; വകുപ്പുതല ഏകീകരണത്തിലൂടെ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ബാധകമായ ജീവനക്കാർക്ക് നിലവിൽ ലഭിച്ചുവരുന്ന പ്രൊമോഷൻ ആനുകൂല്യങ്ങളിൽ കുറവ് വരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ മെച്ചപ്പെടും. പദ്ധതിയുടെ ഏകോപനവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിഭവസമാഹരണവും കാര്യക്ഷമമാകും. അധികാര വികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കപ്പെടും.

(ബി) ഇല്ല.

(സി-എഫ്) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം**

141(1144) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് സമയദൈർഘ്യം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ സമയദൈർഘ്യം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല

(സി) പരിഗണനയിലാണ്.

**പത്തനംതിട്ടയിലെ മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ്**

142(1145) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ പണി കഴിപ്പിച്ച മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ് ജീർണ്ണാവസ്ഥയിലായതുമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാം നിലയിലെ കടകൾ ഭൂരിഭാഗവും ലേലത്തിൽ പോയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;